പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T 1976

05.12.2018 - ലെ മറുപടിക്ക്

## സർഫാസി, സിബിൽ നിയമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| എ) സംസ്ഥാനത്ത് സർഫാസി, സിബിൽ എന്നീ നിയമങ്ങൾ ബാങ്ക് വായ്പകൾക്ക് എന്നുമുതലാണ് ബാധകമാക്കി തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (എ) സർഫാസി ആക്ട് നിലവിൽ വന്നത് 2002 ൽ ആണ്. 2003 മുതൽ ബാങ്കുകൾ സിബിലിന് വായ്പ വിവരങ്ങൾ കൈമാറി വരുന്നു. |
| (ബി) വിദ്യാഭ്യാസ വായ്പകൾ, കാർഷിക വായ്പകൾ എന്നിവയ്ക്ക് സർഫാസി ആക്ട് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) വിദ്യാഭ്യാസ വായ്പകൾ, കാർഷിക വായ്പകൾ എന്നിവയ്ക്ക് സർഫാസി ആക്ട് ബാധകമാക്കിയിട്ടുണ്ട്. വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ള കാർഷിക ഭൂമിയെ സർഫാസി നിയമപരിധിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്. |
| (സി) സർഫാസി, സിബിൽ നിയമങ്ങൾ മൂലം ജനങ്ങളുടെ കിടപ്പാടം നഷ്ടപ്പെടുന്ന വിവരം കേന്ദ്ര സർക്കാരിനെയോ സ്റ്റേറ്റ് | (സി) സർഫാസി നിയമത്തിലെ പരിധിയിൽ നിന്ന് 5 സെന്റിൽ കവിയാത്ത ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് |

| | |
|---|---|
| ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലോ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | അഭ്യർത്ഥിച്ച് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ന് പ്രമേയം പാസ്സാക്കുകയും പ്രസ്തുത പ്രമേയം അനുഭാവപൂർവ്വം പരിഗണിച്ച് സർഫാസി നിയമത്തിലെ 31 -ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് 20.11.2017 ന് കേന്ദ്ര ധനമന്ത്രാലയത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ കുറേക്കൂടി ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ നിരന്തരം ബാങ്കുകളോടും സംസ്ഥാനതല ബാങ്കിംഗ് സമിതിയോടും ആവശ്യപ്പെടാറുണ്ട്. 21.06.2018 ൽ ചേർന്ന സംസ്ഥാനതല ബാങ്കിംഗ് സമിതി യോഗത്തെ അഭിസംബോധന ചെയ്തു കൊണ്ട് മുഖ്യമന്ത്രി തന്നെ ഇക്കാര്യം പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ